


*നാടിന്റെ വേര്*
*നീരിന്റെ നേര്*

# ആലപ്പുഴവെള്ളം

ആലപ്പുഴ നാട്ടുകാരി
കരിമണ്ണുനിറക്കാരി
കവിതയിൽ എഴുതുമ്പോൾ
'ജലം' എന്നാണെഴുതുന്നു!
കവി, ആറ്റൂർ ചോദിച്ചു,
'വെള്ളം അല്ലേ നല്ലത്?'

ആലപ്പുഴ നാട്ടുകാരി
മെടഞ്ഞോല മുടിക്കാരി
തൊണ്ടുചീഞ്ഞ മണമുള്ള
ഉപ്പുചേർന്ന രുചിയുള്ള
കടുംചായ നിറമുള്ള
കലശ് വെള്ളത്തിന്റെ മകൾ.



ജലം എന്നാലവൾക്കത്
വയനാട്ടിൽ നിളനാട്ടിൽ
മലനാട്ടിൽ തെക്കൻനാട്ടിൽ
വാഴുന്ന തെളിനീര്
വാനിൽനിന്നുമടർന്നത്
നിലംതൊടും മുൻപുള്ളത്
മണമില്ലാത്തത്, മണ്ണി-
ന്നാഴങ്ങൾ തരുന്നത്
നിറമില്ലാത്തത്, ദൂരം,
ഉയരങ്ങൾ, കാണ്മത്
സമതലങ്ങളിൽ വാടി-
ക്കിടന്നുപോകാത്തത്

*   *   *   *   *   *

ചാകരയ്ക്ക് തുറപോലെ
തുള്ളുന്ന മഴക്കാലം

ചൊരിമണൽ പഴുത്തു തീ
തുപ്പുന്ന മരുക്കാലം
കവിഞ്ഞിട്ടും കുറുകിയും
കഴിച്ചിലാകുന്ന വെള്ളം
പിഞ്ഞാണം, ചരുവങ്ങൾ,
കോരിവയ്ക്കും കുടങ്ങൾ
തേച്ചാലുമുരച്ചാലും
പോകാത്ത ചെതുമ്പലായ്
പറ്റിച്ചേർന്നിരിക്കുന്നു
വെള്ളത്തിന്റെ വേദന

കനാലുകൾ, ബോട്ട് ജെട്ടി,
കല്ലി,രുമ്പു പാലങ്ങൾ,
കുളം, കായൽ, വിരിപ്പായൽ,
കുളവാഴപ്പൂച്ചിരി,
ചകിരിപ്പൊന്നൊളിയുള്ള
ഇരുമ്പിന്റെ ചുവയുള്ള
വിയർപ്പിന്റെ വെക്കയുള്ള
ആലപ്പുഴവെള്ളം
ഇളകിയും മങ്ങിയും
അതിദൂരത്തകലുന്നു
പറവകൾ കാണുന്ന
പടങ്ങളായ് മാറുന്നു

പതിറ്റാണ്ടുകൾ കഴിഞ്ഞു
തെക്കൻ നീരിലൂരുറച്ചു
എന്നിട്ടുമെഴുതുമ്പോൾ
ഓർമ്മയിൽ പരതുമ്പോൾ
ആലപ്പുഴനിറക്കാരി
ആലപ്പുഴമുടിക്കാരി
ജലമെന്നോ വെള്ളമെന്നോ
തിരിയാതെ തിരിയുന്നു.
തൊണ്ട ദാഹിക്കുന്നു.



ആലപ്പുഴവെള്ളം
(അനിത തമ്പി)

ആലപ്പുഴദേശത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്? **കണ്ടെത്തി അവതരിപ്പിക്കുക.**

"ഞങ്ങൾക്ക് ജലവും വെള്ളവും ഒന്നല്ലായിരുന്നു. ഇപ്പോഴും അല്ല, അവ ഞങ്ങൾക്ക് രണ്ട് അനുഭവലോകങ്ങളാണ്."

(അനിത തമ്പിയുമായുള്ള അഭിമുഖത്തിൽനിന്ന് )

ഈ പ്രസ്താവനയെ സാധൂകരിക്കുന്ന കവിതാസന്ദർഭങ്ങൾ ഏതെല്ലാം? അവ വിശകലനം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

"തേച്ചാലുമുരച്ചാലും
പോകാത്ത ചെതുമ്പലായ്
പറ്റിച്ചേർന്നിരിക്കുന്നു
വെള്ളത്തിന്റെ വേദന"

'വെള്ളത്തിന്റെ വേദന' എന്ന പ്രയോഗം നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം? **ചർച്ചചെയ്യുക.**

"ആലപ്പുഴ നാട്ടുകാരി
മെടഞ്ഞോല മുടിക്കാരി
തൊണ്ടുചീഞ്ഞ മണമുള്ള
ഉപ്പുചേർന്ന രുചിയുള്ള
കടുംചായ നിറമുള്ള
കലശ് വെള്ളത്തിന്റെ മകൾ."

വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ ദേശത്തിനുള്ള സ്വാധീനം വരികളിൽ പ്രതിഫലിക്കുന്നുണ്ടോ? **വിശകലനം ചെയ്ത് അഭിപ്രായം സമർഥിക്കുക.**

"ജലമെന്നോ വെള്ളമെന്നോ
തിരിയാതെ തിരിയുന്നു
തൊണ്ട ദാഹിക്കുന്നു."

വരികളിൽ സൂചിപ്പിക്കുന്ന മാനസികാവസ്ഥയിലേക്ക് കവി എത്തിച്ചേർന്നത് എന്തു കൊണ്ടാവാം? കവിതയിലെ മറ്റു സന്ദർഭങ്ങൾകൂടി വിശകലനംചെയ്ത് **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

ദേശത്തിന്റെ സവിശേഷതകൾ ആവിഷ്കരിക്കുന്ന കവിതകൾ കണ്ടെത്തി **കവിതയരങ്ങ് സംഘടിപ്പിക്കുക.**